# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 19/07/ 2021

# പോക്സോ കേസ് പ്രതിയായ സൈനികനെ ലഡാക്കിൽ നിന്നും പിടികൂടി

കൊല്ലം : പ്രായപൂർത്തിയാകാത്ത പെൺകൂട്ടിയെ ലൈംഗീകമായി പീഡിപ്പിച്ച സൈനികനെ കേന്ദ്രഭരണ പ്രദേശമായ ലാഡാക്കിലെ ഇന്തോ ചൈനാ അതിർത്തിയിൽ നിന്നും നിന്നും പോലീസ് പിടികൂടി. പെൺകുട്ടിയെ പീഡിപ്പിച്ചിട്ട് ലാഡാക്കിലേക്ക് ജോലി സ്ഥലത്തേക്ക് പോയ ചവറ കൊറ്റംകുളങ്ങര സ്വദേശി യായ ചവറ വില്ലേജിൽ കുളങ്ങരഭാഗം മുറിയിൽ ചേരിയിൽ പുത്തൻ വീട്ടിൽ മോഹനൻ പിള്ള മകൻ ആണ് പോലീസ് പിടിയിലാത്. ഇയാൾ വിവാഹിതനാണ്. ഇയാളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിന് കൊല്ലം സിറ്റി പോലീസ് കമ്മീഷണ റുടെ നിർദ്ദേശാനുസരണം രൂപികരിച്ച സ്പെഷ്യൽ സ്ക്വാഡാണ് അറസ്റ്റ് ചെയ്തത്. അറസ്റ്റ് ചെയ്യുന്നതിന് മതി യായ സംരക്ഷണം നൽകുന്നതിന് സിറ്റി പോലീസ് കമ്മീഷ ണർ നാരായണൻ റ്റി. ഐ.പി.എസ്സ് ജമ്മുകാശ്മീർ പോലീസ് സൂപ്രണ്ട് ചന്ദൻ കോഹ്ലീ. ഐ.പി.എസിന്റെ സഹായം ആവശ്യപ്പെടുകയും ഇദ്ദേഹത്തിന്റെ സഹാ യത്തോടെ കരസേന അധികാരികളുമായി ബന്ധപ്പെട്ട് ലാഡാക്കിലെ ലേയിൽ നിന്നും 200 കിലോമീറ്റർ അകലെ ഇന്തോ ചൈനാ അതിർത്തിയിലുള്ള ചുമ്മതാ ങ്ങിൽ നിന്നും പട്ടാളത്തിന്റെ സഹായത്തോടെ പ്രതിയെ 900 കിലോമീറ്റർ താഴെ ജമ്മുവിലുള്ള ജൗറി പട്ടാള ക്യാമ്പിലെത്തിച്ച് പോലീസിന് കൈമാറുകയുമായിരു ന്നു. ഇയാളെ അറസ്റ്റ് ചെയ്യുന്ന നടപടി ജമ്മൂകാശ്മീർ പോലീസുമായി ചേർന്ന് കമ്മീഷണർ ഏകോപിപ്പിക്കുകയായിരുന്നു. തെക്കുംഭാഗം ഇൻസ്പെക്ടർ പി.ജി മധു, എസ്സ്.ഐമാരായ സതീഷ് ശേഖർ, വിജയകുമാർ, എ.എസ്സ്.ഐമാരായ ക്രിസ്റ്റിൻ ആന്റണി, ഹരികൃഷ്ണൻ എന്നിവരടങ്ങിയസംഘത്തിനാണ് അന്വേഷണ ചുമതല. എസ്സ്.ഐ സതീഷ് ശേഖർ, എ.എസ്സ്.ഐ മാരായ ക്രിസ്റ്റിൻ ആന്റണി, ഹരികൃഷ്ണൻ എന്നിവരാണ് ലഡാക്കിൽ പോയി പ്രതിയെ അറസ്റ്റ് ചെയ്തത്.


മനുമോഹൻ(32)